പള്ളിപ്പുറം ഏലായിൽ സംരക്ഷണ ബണ്ട് നിർമ്മാണം

80 (1992) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴക്കൂട്ടം മണ്ഡലത്തിലെ അണ്ടൂർകോണം ഗ്രാമപഞ്ചായത്തിൽപ്പെട്ട പള്ളിപ്പുറം ഏലായിൽ ചിറകളെല്ലാം ജലസേചനത്തിനായി വികസിപ്പിച്ചപ്പോൾ സംരക്ഷണഭിത്തികൾ നിർമ്മിക്കാത്തതിനാൽ നാട്ടുകാരുടെ വസ്തുവകകൾക്കും ജീവനും അപകട ഭീഷണിയുള്ളത് കണക്കിലെടുത്ത് സംരക്ഷണ ബണ്ട് നിർമ്മാണത്തിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

സാങ്കേതികമായി ആവശ്യമുള്ള സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം ഏറ്റെടുത്തു നടത്തുന്നതാണ്.

മാള നിയോജകമണ്ഡലത്തിൽ കനാൽ നവീകരണം

81 (1993) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കണിച്ചാംഇറ-പുതുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലേയ്ക്ക് വെള്ളം കൊണ്ടുവരുന്ന കനാൽ 2 സ്ഥലത്ത് തകർന്നുപോയത് നന്നാക്കുന്നതിന് ടെൻഡർ വിളിച്ച് വർക്ക് ഓർഡർ നല്കിയെങ്കിലും പണി തുടങ്ങാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടെൻഡർ വിളിച്ചിട്ടും പണി തുടങ്ങാത്തതിന്റെ ഫലമായി നെൽകൃഷി ഉൾപ്പെടെ 600 ഏക്കറിലെ കൃഷി നശിച്ചുപോയതായി അറിയാമോ ; തകർന്ന രണ്ട് സ്ഥലത്തെയും കനാൽ നന്നാക്കി കൃഷി സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. മാള നിയോജകമണ്ഡലത്തിലെ കണിച്ചാംഇറ-പുതുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലേയ്ക്ക് വെള്ളം കൊണ്ടുവരുന്ന കനാലിന്റെ അവസാന ഭാഗത്ത് രണ്ടിടത്തുണ്ടായ തകർച്ചകളിൽ ആദ്യത്തേത് പരിഹരിച്ചിട്ടുണ്ട്. രണ്ടാമത്തേത് നന്നാക്കുന്നതിനുള്ള പണികൾ ഉടനെ തീരുന്നതാണ്. തകർച്ചകൾ ഉണ്ടായ ഉടനെ താൽക്കാലികമായി മണൽച്ചാക്ക് നിറച്ച് അടിവച്ചതുകൊണ്ട് കൃഷിനാശം ഉണ്ടായതായി പരാതി ലഭിച്ചിട്ടില്ല. കൃഷി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി

82 (1994) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ. ഇ. സി. എഫ്. സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ പണി ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly